11. കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്

(എഫ്) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിലെ 'വിറ്റമിൻ എ' യൂണിറ്റും കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡും പിന്നീട് തുറന്നു പ്രവർത്തിപ്പിച്ചു. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡും, സ്റ്റീൽ ആന്റ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡും ലാഭം ഉണ്ടാക്കിത്തുടങ്ങി. ബാക്കിയുള്ളവയിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ഒഴികെയുള്ള സ്ഥാപനങ്ങൾ തുടർന്നും പ്രവർത്തിച്ചുവരുന്നു.

(ജി)&(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഐ) ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ജെ) വിൽപ്പന നടത്താൻ തീരുമാനിച്ചതായി അറിയാം., വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

204 (270) പഞ്ചായത്തുകളുടെ സാമ്പത്തികഭാരം

ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിനിരക്കും കുടിവെള്ളനിരക്കും വർദ്ധിപ്പിച്ചതുമൂലം പഞ്ചായത്തുകൾക്ക് അധിക സാമ്പത്തികഭാരം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഞ്ചായത്തുകൾ ഫണ്ടിന്റെ അഭാവംമൂലം പ്രസ്തുത തുകകൾ കുടിശ്ശിക വരുത്തിയിട്ടുണ്ടോ;

(സി) പല പഞ്ചായത്തുകളുടെയും തനതുഫണ്ട് ദൈനംദിന ആവശ്യങ്ങൾക്കുപോലും തികയാതെ വരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് എന്ത് പരിഹാരമാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വൈദ്യുതിചാർജ്ജിനത്തിൽ അപൂർവ്വം ചില പഞ്ചായത്തുകളിൽ കുടിശ്ശിക വന്നിട്ടുണ്ട്. എന്നാൽ കുടിവെള്ള മെയിന്റനൻസ് ചാർജ്ജിനത്തിൽ വാട്ടർ അതോറിറ്റിക്ക് ബഹുഭൂരിപക്ഷം പഞ്ചായത്തുകളും കുടിശ്ശിക അടയ്ക്കാൻ ബാക്കിയുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്തുകളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ റൂറൽ പൂൾ ഇനത്തിൽ ഗ്രാന്റുകൾ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly